**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1491** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ രേഖ കമ്പ്യൂട്ടർവത്ക്കരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമിയുടെ രേഖ ഇതുവരെ കമ്പ്യൂട്ടർവത്ക്കരിക്കാൻ കഴിയാത്തവർക്ക് അതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ഭൂരേഖ കമ്പ്യൂട്ടർവത്കരണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ഇനിയും ഭൂരേഖകൾ ഡിജിറ്റൈസ് പൂർത്തീകരിക്കാത്ത വില്ലേജുകളിൽ നടപടി പുരോഗമിക്കുന്നു. നാളിതുവരെ 1.33 കോടി അടിസ്ഥാന ഭൂനികുതി വിവരങ്ങളും, 2.79 കോടി തണ്ടപ്പേർ അക്കൗണ്ട് വിവരങ്ങളും ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുള്ളവയാണ്. |
| (ബി) | കമ്പ്യൂട്ടർവത്കരിക്കാൻ സാധിക്കാത്തതിനാൽ ഭൂനികുതി അടയ്ക്കുവാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. റെക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്തു നാളതീകരിച്ച് പൂർത്തിയാകാത്ത വില്ലേജുകളിൽ മാന്വൽ ആയി നികുതിയടയ്ക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |
| (സി) | ഗൃഹനാഥൻ മരണപ്പെട്ടുപോയതിനാൽ പിന്നീട് ഭൂനികുതി അടയ്ക്കുവാൻ സാധിക്കാതെ കുടിശ്ശികയായവർക്ക് അതടച്ചുതീർക്കാൻ സൗകര്യം ഒരുക്കുമോ; വിശദമാക്കാമോ? | (സി) | 1966 ലെ പോക്കുവരവ് ചട്ടങ്ങളിലെ ചട്ടം 27(1) പ്രകാരം ഭൂവുടമകൾ മരണപ്പെട്ടാൽ, മരണപ്പെട്ടയാളുടെ വ്യക്തിനിയമപ്രകാരമുള്ള പിൻതുടർച്ചാവകാശികളുടെ പേരിൽ ഭൂവുടമസ്ഥാവകാശം പോക്കുവരവ് ചെയ്ത് നികുതി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ